# ആമുഖം

പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങൾ ആയിമാറുവാൻ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്ന തരത്തിൽ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്ത് അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കുകയാണ് ഓരോ വിദ്യാലയങ്ങളും. എസ്. എച്ച്. എൽ. പി സ്കൂളിൽ എത്തുന്ന എല്ലാ കുഞ്ഞുമക്കൾക്കും മികച്ച വിദ്യാഭ്യാസം ലഭ്യമാക്കുന്ന തരത്തിൽ നിരവധി പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് പൊതുസമൂഹത്തിന്റെ പിന്തുണയോടുകൂടി വിദ്യാലയമികവ് കൈവരിക്കുവാനാണ് മാസ്റ്റർ പ്ലാൻ ലക്ഷ്യം ഇടുന്നത്.

2024 - 25 അധ്യയന വർഷത്തിൽ 1 മുതൽ 4 വരെ ക്ലാസുകളിലെയും മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളുന്നതും പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പ്രാധാന്യം നൽകി അവരെ ഉയർന്ന നിലവാരത്തിൽ എത്തിക്കാനും അനുയോജ്യമായ പ്രവർത്തനങ്ങളാണ് ഒരുക്കിയിരിക്കുന്നത്.

എല്ലാവർക്കും എഴുത്തും വായനയും ചതുഷ്ക്രിയകളും പ്രാവർത്തികമാക്കുക എന്നതിനൊപ്പം കുട്ടിയുടെ ശാരീരികവും,

മാനസികവും. വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. പുതിയ അക്കാദമിക വർഷത്തിൽ ഭാഷയിലും, ശാസ്ത്രത്തിലും, ഗണിതത്തിലും ജൈവകൃഷിയിലും കൂടുതൽ അവബോധം ഉണ്ടാകാൻ ഈ പ്രവർത്തനങ്ങൾ മൂലം ഓരോ കുട്ടിയ്ക്കും സാധ്യമാകുന്നു.

പഠനപ്രവർത്തനങ്ങൾ ശിശു സൗഹാർദവും കൂടുതൽ ആസ്വാദ്യകരമാക്കി മാറ്റാനും. അതോടൊപ്പം പഠനകാര്യങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്താനും പദ്ധതി ലക്ഷ്യമിടുന്നു. അഭിമാനപൂർവ്വം മാസ്റ്റർ പ്ലാൻ സമർപ്പിക്കുന്നു.

ഹെഡ്മിസ്ട്രസ്

പി.ടി.എ.

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| സ്കൂളിന്റെ പേര് | : | എസ്. എച്ച്. എൽ. പി. എസ്<br>വടക്കുംഭാഗം, ഇരവിപുരം |
| മേൽവിലാസം | : | വടക്കുംഭാഗം, ഇരവിപുരം<br>കൊല്ലം |
| ഫോൺ | : | 9645844944 |
| സ്കൂൾ കോഡ് | : | 41435 |
| വിദ്യാഭ്യാസ ജില്ല | : | കൊല്ലം |
| വിദ്യാഭ്യാസ ഉപജില്ല | : | കൊല്ലം |
| റവന്യൂ ജില്ല | : | കൊല്ലം |
| ബി. ആർ. സി | : | കൊല്ലം |
| സി. ആർ. സി | : | വാളത്തുംഗൽ |
| ഇ-മെയിൽ വിലാസം | : | Vadakkumbhagamshlps gmail.com |

# ക്ലാസ്സ് 1

# ആമുഖം

ഒന്നാം ക്ലാസിലെ പാഠപുസ്തകം 2024-2025 വർഷം പരിഷ്കരിക്കുകയും ഒന്നാം വർഷത്തെ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ മെച്ചപ്പെടുത്തുകയും പുതിയ പാഠപുസ്തകങ്ങളുടെ ഭാഗമായി നടപ്പിലാക്കിയ സംയുക്ത ഡയറി, രചനോത്സവം, പാട്ടരങ്ങ്, വായനോത്സവം എന്നിവയ്ക്ക് നല്ല സ്വീകാര്യതയാണ് ലഭിച്ചത്. വിദ്യാഭ്യാസ മന്ത്രി തന്നെ കുട്ടികളുടെ ഡയറി എഡിറ്റ് ചെയ്ത് കുരുന്നെഴുത്തുകൾ എന്ന പേരിൽ പുസ്തകം പ്രസിദ്ധീകരിച്ചു. ഒന്നാം ക്ലാസിലെ കുട്ടികൾ സ്വതന്ത്ര വായനക്കാരായതിന്റെയും പരസഹായമില്ലാതെ തങ്ങളുടെ ആശയങ്ങൾ എഴുതി പ്രകടിപ്പിക്കാൻ കഴിവു നേടിയതിന്റെയും വിളംബരമായിരുന്നു വർഷാവസാനം നടത്തിയ പഠനോത്സവം. വാർഷിക പരീക്ഷയിലും കുട്ടികൾ ചോദ്യം തനിയെ വായിച്ച് ഉത്തരം എഴുതുകയുണ്ടായി. ഭാഷാശേഷികളുടെ കാര്യത്തിൽ ഉണ്ടായ മികവ് നില നിർത്തുന്നതിനും കൂടുതൽ മെച്ചപ്പെട്ട അവസ്ഥയിലേക്ക് എത്തിക്കുന്നതിനും അനുയോജ്യമായ പ്രവർത്തനം ആവശ്യമാണ്.

അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് അതിനുവേണ്ടിയാണ്.

വാർഷിക ലക്ഷ്യങ്ങൾ തീരുമാനിച്ച് ഒരു വർഷത്തെക്കുള്ള പ്രവർത്തന പദ്ധതി തയ്യാറാക്കുന്ന രീതിയിലാണ് കഴിഞ്ഞ വർഷം മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്. ഓരോ മാസത്തെയും ലക്ഷ്യങ്ങളുടെ ഫല പ്രാപ്തിയാണ് വർഷാവസാനം ഉണ്ടാവുക. നിരന്തര വിലയിരുത്തലിന്റെ അന്തസത്തയോട് നീതി പുലർത്തുന്നതിനായി ഈ വർഷം വാർഷിക ലക്ഷ്യങ്ങൾ തീരുമാനിച്ച് പ്രതിമാസ ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും തയ്യാറാക്കുന്ന രീതിയാണ് അവലംബിക്കുന്നത്. ഓരോ മാസവും ക്ലാസ് പി.ടി.എ-യിൽ ചർച്ച ചെയ്യുന്നതിന് ഇത് സഹായകമാവും.

# മലയാളം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| * ഒന്നാം ക്ലാസിലെ മുഴുവൻ കുട്ടികളെയും വായിക്കുവാനും എഴുതുവാനും പ്രാപ്തരാക്കുക. | പാഠപുസ്തക പഠനത്തിനൊപ്പം, ചെറുകഥകൾ, കവിതകൾ, ഉപവായന വായന കാർഡുകൾ ധ്വനി എഴുത്ത് സചിത്ര പുസ്തകം. അഭിനയഗാനം എന്നിവ ക്ലാസ് തലത്തിലും, സ്കൂൾ തലത്തിലും അധ്യാപകരുടെയും രക്ഷിതാക്കളുടെയും സഹായത്തോടെ നടത്തുന്നു. | ജൂൺ മുതൽ ഒക്ടോബർ വരെ | അധ്യാപകർ രക്ഷിതാക്കൾ |

| | | | |
|---|---|---|---|
| • വായിച്ച് കേട്ടതും വായിച്ചതുമായ ബാല സാഹിത്യ കൃതികൾ സ്വന്തം ശൈലിയിൽ പങ്കിടുന്നു. | കുട്ടികൾ വായിച്ച് കേട്ട ബാല സാഹിത്യ കൃതി സ്വന്തം ഭാഷയിൽ ഭാവനയിൽ മറ്റു കുട്ടികളുടെ മുമ്പിൽ ക്ലാസിൽ അവതരിപ്പിക്കുന്നു. | ജൂലൈ | അധ്യാപകർ രക്ഷിതാക്കൾ |
| • ലളിതമായ വായന കാർഡുകൾ നിർമ്മിക്കുന്നു. | കുട്ടികൾ ഉപാദാനത്തു നിന്നും പഠിച്ച അക്ഷരങ്ങൾ ചേർന്നുവരുന്ന വാക്കുകൾ ഉപയോഗിച്ച് വായന കാർഡ് നിർമ്മിക്കുന്നു. | ഓഗസ്റ്റ് | രക്ഷിതാക്കൾ അധ്യാപകർ കുട്ടികൾ. |
| • സംയുക്ത ഡയറി എഴുതുന്നു. | സ്വന്തം അനുഭവങ്ങളെ ചെറു വാക്യത്തിൽ ഡയറി കുറിപ്പുകളായി എഴുതുന്നു. | ജൂലൈ മുതൽ മാർച്ച് വരെ | രക്ഷിതാക്കൾ കുട്ടികൾ |

| | | | |
|---|---|---|---|
| * സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ലഘു വാക്യങ്ങളിൽ എഴുതുന്നു. | സംയുക്ത ഡയറി, വായന കാർഡ് നിർമ്മാണം എന്നിവയിലൂടെ സ്വന്തമായി ആശയങ്ങൾ എഴുതുവാൻ ശീലിച്ച കുട്ടികൾ ആരുടെയും സഹായമില്ലാതെ സ്വതന്ത്രമായി എഴുതുന്നു. | ഒക്ടോബർ മുതൽ മാർച്ച് വരെ | അധ്യാപകർ രക്ഷിതാക്കൾ |
| * പത്രം തയ്യാറാക്കുന്നു. | ക്ലാസിലെയും സ്കൂളിലെയും അനുഭവങ്ങൾ കോർത്തിണക്കി ആഴ്ചയിൽ ഒരു കുട്ടി 'കുഞ്ഞു വിശേഷങ്ങൾ' എന്ന പേരിൽ പത്രമായി തയ്യാറാക്കി എഴുതുന്നു. | നവംബർ മുതൽ മാർച്ച് വരെ | അധ്യാപകർ കുട്ടികൾ |
| * പല തരത്തിലുള്ള പതിപ്പുകൾ തയ്യാറാക്കുന്നു. | കുട്ടികൾ അവരവരുടെ ഓരോ പാഠഭാഗവുമായി ബന്ധപ്പെട്ട് നിരവധി പതിപ്പുകൾ തയ്യാറാക്കുന്നു. | ഡിസംബർ മുതൽ മാർച്ച് വരെ | രക്ഷിതാക്കൾ അധ്യാപകർ |

| | | | |
|---|---|---|---|
| • വായനോത്സവം | കുട്ടികൾ അവർ വായിച്ച ബാല സാഹിത്യകൃതികൾ രക്ഷിതാക്കളുടെ മുമ്പിൽ സ്വന്തമായി വായിക്കുന്നു | ജനുവരി | അധ്യാപകർ |
| • എഴുത്തുപുര | കുട്ടികൾ രക്ഷിതാക്കളും അധ്യാപകരും പറയുന്ന കാര്യങ്ങൾ അവരുടെയും സഹായമില്ലാതെ സ്വന്തമായി എഴുതുന്നു | ഫെബ്രുവരി മുതൽ മാർച്ച് വരെ | രക്ഷിതാക്കൾ അധ്യാപകർ |

# English

| Objectives | Activities | Duration | Responsibility |
| --- | --- | --- | --- |
| • Introducing simple words | Introduce simple words like bus, car, vehicles ete. | | |
| • Provides picture cards | Then provide picture cards with names | June | Teachers & parents |
| • Gives familiar magic picture card Bus, Car | | | |
| • Introducing colours | Introducing colours blue, red, green etc. Blue bus, red car, green motor like. | | |

| | | | |
|---|---|---|---|
| * Say, read and write familiar words. | Say familiar words. Read picture cards, riddles rhyming words. Write familiar words in reading cards, picture cards etc. | July | Teachers & parents |
| * Enjoy songs and sings them with them, with rhythm and action | Enjoy simple rhymes and sings rhythmically with action | August | Teachers parents |
| * Describes orally about pictures and objects using adjectives | Describes orally about objects using a adjectives. colours, shapes, small, big etc | | |

| | | | |
|---|---|---|---|
| * Reads and writes simple words and simple sentences eg: Red car, blue bus<br>* Provide picture and reading cards | Learners read simple words and simple sentences with their reading cards<br>Learners read with picture cards | September | Teachers parents |
| * My growing book is being prepared<br>* Word chain and introduce simple picture descriptions | Learners started with my growing books. They write their familiar words then they make sentences with familiar words and make simple descriptions | October | Teachers parents |

| | | | |
|---|---|---|---|
| • Preparing reading cards.<br>writes five English words daily | Preparing simple reading cards with the help of their parents.<br>write simple 5 words daily in their growing book. | November | Teachers<br>parents |
| • My small description book is being prepared | Learners prepare small description books<br>This is a car<br>This is a real car. etc.<br>with the help of their parents | December | parents<br>Teachers. |
| • More opportunity to provide read & write & speak English. | Classroom activities provides more opportunity to write, speak and read English. | January | Teacher |

# ഗണിതം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | പങ്കാളികൾ |
|---|---|---|---|
| • സംഖ്യകൾ തിരിച്ചറിയുന്നു.<br>• സംഖ്യാകാർഡ് നിർമിക്കുന്നു. | 1 മുതൽ 5 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്ന വിവിധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. സംഖ്യകളുടെ പേരും ഉൾപ്പെടുത്തി സംഖ്യാകാർഡ് നിർമിക്കുന്നു. | ജൂൺ | അധ്യാപകർ<br>രക്ഷിതാക്കൾ |
| • എന്റെ കുഞ്ഞ് പുസ്തകം തയ്യാറാക്കുന്നു | എന്റെ കുഞ്ഞ് ഗണിത പുസ്തകം ക്ലാസിൽ തയ്യാറാക്കുന്നു. 1 ഒന്നിന് ഒരു ചിത്രവും 2 രണ്ടിന് രണ്ട് ചിത്രവും തുടർച്ചയായി 5 വരെ ഓരോ കുട്ടിയും ഒന്നോ രണ്ടോ കുഞ്ഞു പുസ്തകം നിർമിക്കുന്നു. | ജൂലൈ | അധ്യാപകർ |

| | | | |
|---|---|---|---|
| * വലുത്, ചെറുത്, ദൂരെ, അടുത്ത് എന്നിങ്ങനെ ഗണിത ആശയങ്ങൾ അവതരിപ്പിക്കുന്നു. | ഗണിത ആശയങ്ങളായ വലുത്, ചെറുത്, ദൂരെ, അടുത്ത്, മുകളിൽ താഴെ എന്നിങ്ങനെയുള്ള കാര്യങ്ങൾ മനസ്സിലാകുന്ന ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. | ഓഗസ്റ്റ് | അധ്യാപകർ രക്ഷിതാക്കൾ |
| * വലിയ സംഖ്യ, ചെറിയ സംഖ്യ എന്നിങ്ങനെ തിരിച്ചറിയുന്നു. | 1 മുതൽ 5 വരെയുള്ള സംഖ്യകളിൽ വലിയ സംഖ്യ ചെറിയ സംഖ്യ എന്നിങ്ങനെ തിരിച്ചറിയുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. | സെപ്റ്റംബർ | അധ്യാപകർ രക്ഷിതാക്കൾ |
| * ഒന്നിടവിട്ട സംഖ്യകൾ ഒറ്റ സംഖ്യകൾ, ഇരട്ട<br>* സംഖ്യകൾ എന്ന തിരിച്ചറിവ് ഉണ്ടാകാൻ | ഒന്നിടവിട്ട സംഖ്യകൾ രണ്ട് നിറങ്ങളിൽ എഴുതി പ്രദർശിപ്പിച്ച് ഒറ്റ സംഖ്യ, ഇരട്ട സംഖ്യ എന്ന ആശയങ്ങൾ കുട്ടികളിൽ ഉറപ്പിക്കുന്നു. | ഒക്ടോബർ | അധ്യാപകർ |

| | | | |
|---|---|---|---|
| * 1 മുതൽ 10 വരെയുള്ള സംഖ്യകൾ ഉൾപ്പെടുന്ന ചെറിയ സംഖ്യാഗാനങ്ങൾ പാടുന്നു ചൊല്ലിക്കുന്നു. | സംഖ്യകൾ ഉൾപ്പെടുന്ന സംഖ്യാഗാനങ്ങൾ സ്വന്തമായി നിർമ്മിക്കുകയും പാടുകയും ചെയ്യുന്ന പ്രവർത്തനങ്ങൾ നൽകുന്നു. | നവംബർ | അധ്യാപകർ രക്ഷിതാക്കൾ |
| * ഗണിതപ്രശ്നങ്ങൾ ആസ്വാദ്യകരമാക്കാൻ വർക്ക്ഷീറ്റുകൾ നൽകുന്നു | കുട്ടികൾ വ്യക്തിഗതമായി 1-10 വരെയുള്ള സംഖ്യകളും ഗണിതാശയങ്ങളും ഉൾപ്പെട്ട വർക്ക്ഷീറ്റുകൾ നൽകുന്നു | ഡിസംബർ | അധ്യാപകർ |
| * സംഖ്യകൾ ആരോഹണ അവരോഹണ ക്രമത്തിൽ എഴുതുന്നു. | സംഖ്യകൾ വലുതിൽ നിന്ന് ചെറുതിലേക്കും ചെറുതിൽ നിന്നും വലുതിലേക്കും എഴുതുന്ന വിവിധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. | ജനുവരി | അധ്യാപകർ |
| * ഒറ്റ സംഖ്യ ഉൾപ്പെടുന്ന സങ്കലനവും വ്യവകലന പ്രവർത്തനങ്ങൾ നടത്തുന്നു. | 1 മുതൽ 9 വരെയുള്ള സംഖ്യകൾ ഉൾപ്പെടുന്ന സങ്കലന വ്യവകലന പ്രശ്നങ്ങൾ ക്ലാസിൽ അവതരിപ്പിക്കുകയും ധാരാളമായി കുട്ടികൾക്ക് നൽകുകയും ചെയ്യുന്നു | ഫെബ്രുവരി | അധ്യാപകർ രക്ഷിതാക്കൾ. |

| | | | |
|---|---|---|---|
| • My number book. ഗണിത ആൽബം മുതലായവ നിർമ്മിക്കുന്നു. | My number book, 1 മുതൽ 10 വരെയുള്ള സംഖ്യകൾ ഉൾപ്പെടുത്തി my number book നിർമ്മിക്കുന്നു. ഗണിത ആശയങ്ങൾ ഉൾക്കൊണ്ട് ഗണിത ആൽബം തയ്യാറാക്കി പ്രദർശിപ്പിക്കുന്നു. | ജനുവരി<br>മാർച്ച് | അധ്യാപകർ<br>അധ്യാപകർ രക്ഷിതാക്കൾ |

# പരിസര പഠനം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| • പരിസ്ഥിതിയെ പരിചയപ്പെടുന്നു. | പരിസ്ഥിതിദിന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. | ജൂൺ | അധ്യാപകർ രക്ഷിതാക്കൾ |
| • പക്ഷികളെ തിരിച്ചറിയുന്നു. | പക്ഷികളെ തിരിച്ചറിയുന്നു. നിറം, പ്രത്യേകത, ശബ്ദം എന്നിവ തിരിച്ചറിയുന്നു. | | |
| • പൂക്കൾ, മണം, നിറം എന്നിവ മനസിലാക്കുന്നു. പൂന്തോട്ടം നിർമ്മിക്കുന്നു. | നിറം, മണം എന്നിവയുടെ അടിസ്ഥാനത്തിൽ പൂക്കളെയും ചെടികളെയും തിരിച്ചറിയുന്നു. സ്കൂളിൽ ഒരു ചെറിയ പൂന്തോട്ടം ഒരുക്കുന്നു. | ജൂലൈ | അധ്യാപകർ രക്ഷിതാക്കൾ. |

| | | | |
|---|---|---|---|
| • ആൽബം നിർമ്മിക്കുന്നു. പക്ഷികൾ, പൂക്കൾ | കുട്ടികളുടെ ശേഖരത്തിൽ നിന്നും പക്ഷികൾ, പൂക്കൾ എന്നിവ ഉൾപ്പെടുത്തി ആൽബം നിർമ്മിക്കുന്നു. | ഓഗസ്റ്റ് | രക്ഷിതാക്കൾ അധ്യാപകർ |
| • നല്ല ആരോഗ്യശീലങ്ങൾ തിരിച്ചറിയുന്നു. | നല്ല ആരോഗ്യ ശീലങ്ങൾ മനസിലാക്കുന്നതിനും പ്രാവർത്തികമാക്കുന്നതിനും വേണ്ട പ്രവർത്തനം നടത്തുന്നു. | സെപ്റ്റംബർ | അധ്യാപകർ രക്ഷിതാക്കൾ |
| • പൊതു സ്ഥലങ്ങൾ സ്ഥാപനങ്ങൾ എന്നിവ പരിചയപ്പെടുന്നു. | പൊതുവായി ജനങ്ങൾക്ക് സേവനം നൽകുന്ന സ്ഥാപനങ്ങൾ മനസിലാക്കുന്നു. അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു. | ഒക്ടോബർ | അധ്യാപകർ |
| • വിവിധതരം ആഘോഷങ്ങൾ മനസ്സിലാക്കുന്നു | നമ്മുടെ നാട്ടിൽ നടത്തുന്ന വിവിധ ആഘോഷങ്ങൾ തിരിച്ചറിയാനും മനസ്സിലാക്കാനും സഹായിക്കുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | നവംബർ | അധ്യാപകർ |
| • ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു. | ലഘു പരീക്ഷണങ്ങൾ നടത്തി നിഗമനത്തിൽ എത്തുന്നു. അതിൽ നിന്നും നിത്യജീവിതത്തിലെ പല സംഭവങ്ങളുടെയും ശാസ്ത്രീയ വശം മനസ്സിലാക്കുന്നു. | ഡിസംബർ | അധ്യാപകർ |

| | | | |
|---|---|---|---|
| * സ്കൂൾ പച്ചക്കറിത്തോട്ടം | സ്കൂളിൽ രക്ഷിതാക്കളുടെ സഹായത്തോടെ പച്ചക്കറിത്തോട്ടം നിർമ്മിക്കുകയും കൃഷിയുടെ പ്രാഥമിക പാഠങ്ങൾ കുട്ടികൾ മനസ്സിലാക്കുകയും ചെയ്യുന്നു. | ജനുവരി മുതൽ മാർച്ച് വരെ. | അധ്യാപകർ രക്ഷിതാക്കൾ |

# ക്ലാസ് - 2

# ആമുഖം

വിദ്യാഭ്യാസത്തിന്റെ സമഗ്ര വികാസം ലക്ഷ്യമിട്ട് ആവിഷ്കരിച്ച ഗുണമേന്മയുള്ള വിദ്യാഭ്യാസ പദ്ധതി, ഓരോ വിദ്യാർത്ഥിയെയും മികവിന്റെ ഉന്നതിയിലേക്ക് നയിക്കുക എന്ന മഹത്തായ ദൗത്യം ഏറ്റെടുത്തു. കുട്ടികളുടെയും അദ്ധ്യാപകരുടെയും സജീവ പങ്കാളിത്തത്തിലൂടെ ഓരോ ക്ലാസ്സ് മുറിയെയും പഠനത്തിന്റെ മികവുറ്റ കേന്ദ്രങ്ങളാക്കി മാറ്റുവാനാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്.

അധ്യാപന - അഭ്യസന പ്രക്രിയയുടെ നിരന്തരമായ നിരീക്ഷണവും, പ്രധാനാധ്യാപകരുടെ സമയബന്ധിതമായ അക്കാദമിക ഇടപെടലുകളും കുട്ടികളുടെ പഠനത്തിൽ സുപ്രധാനമായ മാറ്റങ്ങൾക്ക് വഴിയൊരുക്കും. അദ്ധ്യാപകർക്ക് ആവശ്യമായ പിന്തുണ നൽകാനും സഹകരണത്തിലൂടെ പുരോഗമനപരമായ ഒരു പരിശീലന സംസ്കാരം വളർത്താനും പ്രായോഗികമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

ഓരോ കുട്ടിയുടെയും പഠനക്ഷമതയെ പരിപോഷിപ്പിക്കുകയും, അവരുടെ അതുല്യമായ കഴിവുകളെ തിരിച്ചറിഞ്ഞ് വളർത്തുകയും, ആവശ്യമായ പിന്തുണ നൽകി, പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ മുന്നോട്ട് കൊണ്ടുവരികയും ചെയ്യുക എന്നതാണ് ഈ മാസ്റ്റർ പ്ലാനിന്റെ കാതൽ.

# ആമുഖം

വിദ്യാഭ്യാസത്തിന്റെ സമഗ്ര വികാസം ലക്ഷ്യമിട്ട് ആവിഷ്കരിച്ച ഗുണമേന്മയുള്ള വിദ്യാഭ്യാസ പദ്ധതി, ഓരോ വിദ്യാർത്ഥിയെയും മികവിന്റെ ഉന്നതിയിലേക്ക് നയിക്കുക എന്ന മഹത്തായ ദൗത്യം ഏറ്റെടുത്തു. കുട്ടികളുടെയും അദ്ധ്യാപകരുടെയും സജീവ പങ്കാളിത്തത്തിലൂടെ ഓരോ ക്ലാസ്സ് മുറിയെയും പഠനത്തിന്റെ മികവുറ്റ കേന്ദ്രങ്ങളാക്കി മാറ്റുവാനാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്.

അധ്യാപന - അഭ്യസന പ്രക്രിയയുടെ നിരന്തരമായ നിരീക്ഷണവും, പ്രധാനാധ്യാപകരുടെ സമയബന്ധിതമായ അക്കാദമിക ഇടപെടലുകളും കുട്ടികളുടെ പഠനത്തിൽ സുപ്രധാനമായ മാറ്റങ്ങൾക്ക് വഴിയൊരുക്കും. അദ്ധ്യാപകർക്ക് ആവശ്യമായ പിന്തുണ നൽകാനും സഹകരണത്തിലൂടെ പുരോഗമനപരമായ ഒരു പരിശീലന സംസ്കാരം വളർത്താനും പ്രായോഗികമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

ഓരോ കുട്ടിയുടെയും പഠനക്ഷമതയെ പരിപോഷിപ്പിക്കുകയും, അവരുടെ അതുല്യമായ കഴിവുകളെ തിരിച്ചറിഞ്ഞ് വളർത്തുകയും, ആവശ്യമായ പിന്തുണ നൽകി, പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ മുന്നോട്ട് കൊണ്ടുവരികയും ചെയ്യുക എന്നതാണ് ഈ മാസ്റ്റർ പ്ലാനിന്റെ കാതൽ.

# മലയാളം

ജൂലൈ. 24.

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലയളവ് |
| --- | --- | --- | --- |
| * പാട്ടിന്റെ ഈണം കണ്ടെത്തി ആസ്വദിച്ചും താളം ഭാവം ഉൾപ്പെടുത്തി അവതരിപ്പിക്കുന്നു. | പാട്ട് പാടൽ നാടൻ താളവാദ്യങ്ങൾ ഉപയോഗിക്കുന്നു. | അധ്യാപിക | ജൂലൈ |
| * കഥകൾ ശേഖരിക്കുന്നു | കുട്ടികളെ ഗ്രൂപ്പുകളായി തിരിച്ച് 'കടങ്കഥ ക്വിസ്'' സംഘടിപ്പിക്കുന്നു. | | |
| * പഴഞ്ചൊല്ലുകൾ ശേഖരിക്കുന്നു. | കുട്ടികൾ രക്ഷിതാക്കളിൽ നിന്നും മുതിർന്നവരിൽ നിന്നും പഴഞ്ചൊല്ലുകൾ ശേഖരിക്കുന്നു. | രക്ഷകർത്താക്കൾ | |
| * പോസ്റ്റർ നിർമ്മാണത്തിൽ ഏർപ്പെടുന്നു. | റോൾ പ്ലേ അവതരിപ്പിക്കുന്നു. ജലസംരക്ഷണവും "മഴക്കാല രോഗങ്ങൾ" തുടങ്ങിയ വിഷയങ്ങളിൽ പോസ്റ്റർ നിർമ്മാണം. | | |
| * ചിത്രം വരയ്ക്കൽ | പ്രകൃതിദത്തമായ നിറങ്ങൾ ഉപയോഗിച്ച് ചിത്രരചന. | അധ്യാപിക. | |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ചുമതല | കാലയളവ് |
|---|---|---|---|
| യൂണിറ്റ്:2. നന്നായി ഉണ്ണാൻ.<br>* കഥകളും കവിതകളും വായിച്ച് ആസ്വദിക്കുന്നു<br>* കഥകളും കവിതകളും വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുന്നു.<br>* സംഭാഷണഭാഗം ഉചിതമായി പൂർത്തിയാക്കുന്നു<br>* കടങ്കഥ കണ്ടെത്തലിൽ ഏർപ്പെടുന്നു.<br>* വാക്കുകൾ ചേർത്ത് പറയുകയും എഴുതുകയും ചെയ്യുന്നു.<br>* ചിത്രകഥയെ കഥയാക്കി മാറ്റുന്നു. | * കഥാപുസ്തകങ്ങളും കവിതാസമാഹാരങ്ങളും നൽകുന്നു.<br>* നിലാവിലൂടെ കവിതയുടെ മാതൃകയിൽ പുതിയ വരികൾ എഴുതാൻ പ്രേരിപ്പിക്കുന്നു.<br>* ചിത്രങ്ങളോ സാഹചര്യങ്ങളോ നൽകി സംഭാഷണങ്ങൾ പൂർത്തിയാക്കാൻ നിർദേശിക്കുന്നു.<br>* റോൾ പ്ലേയ്ക്ക് അവസരം നൽകുന്നു<br>* ചിത്രകഥ നൽകി അതിനെ ഒരു സാധാരണ കഥയാക്കി മാറ്റാൻ പ്രേരിപ്പിക്കുന്നു.<br>* കടങ്കഥകൾ നിർമ്മിക്കാനും ശേഖരിക്കാനും പ്രേരിപ്പിക്കുന്നു.<br>* പാഠഭാഗത്തെ കഥ/കവിതയുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ നൽകുന്നു. | അദ്ധ്യാപിക. | ജൂലൈ |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ചുമതല | കാലയളവ് |
|---|---|---|---|
| യൂണിറ്റ് : 3<br>എന്താണമ്മേ സ്വാതന്ത്ര്യം.<br>* ലഘുലേഖനങ്ങളും വാർത്തകളും വായിച്ച് ആശയം ഗ്രഹിക്കുകയും ചെയ്യുന്നു.<br>* പുതിയ പദങ്ങൾ കണ്ടെത്തുകയും അവ വാക്യങ്ങളിൽ ഉപയോഗിക്കുകയും ചെയ്യുന്നു.<br>* സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ ലഘു വാക്യങ്ങളിൽ എഴുതുന്നു.<br>* ദേശഭക്തി ഗാനങ്ങൾ പാടുകയും അതിലെ ആശയങ്ങൾ ചർച്ച ചെയ്യുകയും ചെയ്യുന്നു. | * സ്വാതന്ത്ര്യദിനവുമായി ബന്ധപ്പെട്ട ലഘുലേഖനങ്ങളും പത്രവാർത്തകളും ക്ലാസിൽ അവതരിപ്പിക്കുന്നു. അവ വായിച്ച് ചർച്ച ചെയ്യാനും ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താനും പ്രേരിപ്പിക്കുന്നു.<br>* പാഠഭാഗത്തുനിന്നും പുതിയ പദങ്ങൾ കണ്ടെത്താൻ നിർദ്ദേശിക്കുന്നു. അവ ഉപയോഗിച്ച് സ്വന്തം വാക്യങ്ങൾ നിർമ്മിക്കാൻ പ്രോത്സാഹിപ്പിക്കുന്നു.<br>* 'സ്വാതന്ത്ര്യം എന്നാൽ എന്ത്?' എന്ന വിഷയത്തിൽ കുട്ടികൾക്ക് താൽപര്യമുള്ള രീതിയിൽ, ആശയങ്ങൾ രേഖപ്പെടുത്താൻ അവസരം നൽകുന്നു.<br>* വിവിധ ദേശഭക്തിഗാനങ്ങൾ പഠിപ്പിക്കുന്നു. അർത്ഥവും പ്രാധാന്യവും ചർച്ച ചെയ്യുന്നു. | അദ്ധ്യാപിക | ഓഗസ്റ്റ്. |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ചുമതല | കാലയളവ് |
| --- | --- | --- | --- |
| യൂണിറ്റ് - 4<br>പൂരം പൊടിപൂരം<br>* ഉത്സവങ്ങളെയും ആഘോഷങ്ങളെയും കുറിച്ച് വിവരിക്കാൻ കഴിവ് നേടുന്നു.<br>* ഉത്സവങ്ങളുമായി ബന്ധപ്പെട്ട പദങ്ങളും പ്രയോഗങ്ങളും പരിചയപ്പെടുന്നു.<br>* ഉത്സവങ്ങളെക്കുറിച്ച് ലഘു വിവരണങ്ങൾ എഴുതുന്നു.<br>* ചിത്രങ്ങളിലൂടെയും ഒപ്പം ദൃശ്യങ്ങളിലൂടെയും ഉത്സവ അനുഭവം പങ്കുവെക്കുന്നു. | * ഓണം, വിഷു, ഈദ്, ക്രിസ്മസ് തുടങ്ങിയ വിവിധ ഉത്സവങ്ങളെക്കുറിച്ച് ക്ലാസ്സിൽ ചർച്ച ചെയ്യുന്നു.<br>* കുട്ടികളുടെ വ്യക്തിപരമായ ഉത്സവ അനുഭവങ്ങൾ പങ്കുവെയ്ക്കാൻ അവസരം നൽകുന്നു.<br>* പൂരവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ, വീഡിയോകൾ എന്നിവ കാണിക്കുന്നു. ആനകൾ, ചെണ്ടമേളം, കുടമാറ്റം തുടങ്ങിയവയെ കുറിച്ച് സംസാരിക്കുന്നു.<br>* ഇഷ്ടപ്പെട്ട ഒരു ഉത്സവത്തെ കുറിച്ച് ലളിതമായ വാക്യങ്ങളിൽ വിവരണങ്ങൾ എഴുതാൻ നിർദേശിക്കുന്നു.<br>* ഉത്സവങ്ങളുമായി ബന്ധപ്പെട്ട വാക്കുകൾ (ഉദാ: പൂരം, മേളം, ആന) പരിചയപ്പെടുത്തുകയും ഉപയോഗിക്കാൻ പരിശീലിപ്പിക്കുകയും ചെയ്യുന്നു. | അധ്യാപിക | ഓഗസ്റ്റ് |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ചുമതല | കാലയളവ് |
|---|---|---|---|
| യൂണിറ്റ് : 5<br>രുചിമേളം<br>* വ്യത്യസ്ത ഭക്ഷണ പദാർത്ഥങ്ങളെയും അവയുടെ രുചികളെയും കുറിച്ച് മനസ്സിലാക്കുന്നു.<br>* ഇഷ്ടപ്പെട്ട ഭക്ഷണത്തെ കുറിച്ച് ലഘു വിവരണങ്ങൾ എഴുതുന്നു.<br>* ആരോഗ്യകരമായ ഭക്ഷണ ശീലങ്ങളെ കുറിച്ച് ധാരണ നേടുന്നു.<br>* പാചക കുറിപ്പുകൾ വായിക്കുകയും ലളിതമായവ തയ്യാറാക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. | * ക്ലാസ്സിൽ വിവിധതരം ഭക്ഷണ പദാർത്ഥങ്ങളെ കുറിച്ചും അവയുടെ രുചികളെ കുറിച്ചും (മധുരം, പുളി, എരിവ്, കയ്പ്, ഉപ്പ്) ചർച്ച ചെയ്യുന്നു.<br>* കുട്ടികൾക്ക് ഇഷ്ടപ്പെട്ട ഭക്ഷണങ്ങൾ പങ്കുവെക്കാൻ അവസരം നൽകുന്നു.<br>* ഇഷ്ടപ്പെട്ട ഭക്ഷണത്തെ കുറിച്ച് ലളിതമായ വാക്യങ്ങളിൽ എഴുതാൻ പ്രേരിപ്പിക്കുന്നു. ചിത്രങ്ങൾ വരച്ച് ആകർഷകമാക്കാം.<br>* ആരോഗ്യകരമായ ഭക്ഷണം കഴിക്കേണ്ടതിന്റെ പ്രാധാന്യം ചിത്രങ്ങളിലൂടെയും ലഘു കഥകളിലൂടെയും വിശദീകരിക്കുന്നു.<br>* ലളിതമായ പാചക കുറിപ്പുകൾ വായിക്കാൻ നൽകുന്നു. അദ്ധ്യാപകന്റെ സഹായത്തോടെ തയ്യാറാക്കാൻ ശ്രമിക്കുന്നു. | അദ്ധ്യാപിക | സെപ്തംബർ |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ഉപകരണ | കാലയളവ് |
|---|---|---|---|
| **യൂണിറ്റ്: 6**<br>**പറക്കും വീട്.**<br>* വീടിന്റെയും പരിസരത്തിന്റെയും പ്രാധാന്യം മനസ്സിലാക്കുന്നു.<br>* യാത്രകളെക്കുറിച്ചുള്ള അനുഭവങ്ങൾ പങ്കുവയ്ക്കുന്നു.<br>* വ്യത്യസ്ത തരം വീടുകളെയും വാഹനങ്ങളെയും കുറിച്ച് ധാരണ നേടുന്നു.<br>* ഭാവനാത്മകമായ രചനകളിൽ ഏർപ്പെടുന്നു.<br>(സ്വപ്നത്തിലെ വീട്/[illegible]) | * വീടിന്റെ വിവിധ ഭാഗങ്ങളെക്കുറിച്ചും വീട് വൃത്തിയായി സൂക്ഷിക്കേണ്ടതിന്റെ പ്രാധാന്യത്തെ കുറിച്ചും ചർച്ച ചെയ്യുന്നു.<br>* കുട്ടികളുടെ യാത്രാനുഭവങ്ങൾ (ബസ്, ട്രെയിൻ, വിമാനം) പങ്കുവെക്കാൻ അവസരം നൽകുന്നു.<br>* ചിത്രങ്ങളിലൂടെയും വീഡിയോകളിലൂടെയും ലോകത്തിലെ വ്യത്യസ്ത തരം വീടുകളും (ഇഗ്ലൂ, ടെന്റ്) വാഹനങ്ങളും പരിചയപ്പെടുത്തുന്നു.<br>* "എന്റെ പറക്കും വീട്" അല്ലെങ്കിൽ "ഞാൻ പോയ ഒരു യാത്ര" എന്ന വിഷയത്തിൽ ഭാവനാത്മകമായ ഒരു ചെറുലേഖനം / ചിത്രം തയ്യാറാക്കാൻ പ്രേരിപ്പിക്കുന്നു. | ടിച്ചർ | ഒക്ടോബർ |

# English

| Learning Objectives | Activities | Responsible | Period |
| --- | --- | --- | --- |
| Unit-1 An Umbrella for all<br><br>* Listen to narratives & teacher talks & understand them<br>* Get familiarised with expressions having auxiliary function.<br>* Get familiarised with the rhythm.<br>* Respond to teacher talk<br>* Describe events & objects orally.<br>* Describe familiar objects<br>* Develop a positive attitude towards socialisation and friendship | * Teacher narrates stories and simple conversation.<br>* Introduces sentences using auxiliary verbs like 'is', 'are', 'am'.<br>* Plays songs and helps children understand their rhythm and pattern.<br>* Encourages children to give simple answers when the teacher speaks in English.<br>* Encourages children to describe events and objects orally using pictures or given situations<br>* Encourages children to write new lines for a given song. | Teacher | June last two weeks |

| Learning Objectives | Activities | Responsible | Time Period |
|---|---|---|---|
| Unit : 2<br>A Piece of Cake.<br>* Listening and Speaking<br>* Reading.<br>* Vocabulary Development<br>* Writing<br>* Values and Life Skills<br>* Creative Expression. | * Encourage active listening and asking comprehension questions.<br>* Engage in simple physical activities<br>* Read the poem 'If you meet an Elephant' and identify descriptive word for animals. Children can draw their favorite animal from the story and describe it.<br>* Discuss the theme of health and fitness from the story.<br>* Encourage children to talk about how they can stay healthy. | Teacher | August. |

| Learing Objectives | Activities | Responsible | Time Period |
|---|---|---|---|
| Unit : 3<br>The village of Birds.<br>* Listening and Speaking<br>* Reading<br>* Vocabulary Development<br>* Writing<br>* Values and Life skills<br>* Creative Expression | * Listening and Speaking Activities<br>* Role play key dialogues from the story, focusing on expressing emotions through voice.<br>* Conduct a "Bird sound" activity where children listen to different bird calls and identify them.<br>* Identify rhyming words from simple poems or songs related to birds or nature eg: "tree & bee"<br>* Give incomplete sentences from the story for children to complete with appropriate words:<br>* Children create simple rules for living in the village of Birds focusing on respect for nature and sharing<br>* Children draw their favorite bird from the story. | Teacher | September |

# ഗണിതം

| ഉദ്ദേശ്യങ്ങൾ | പ്രവർത്തനങ്ങൾ | ചുമതല | കാലയളവ് |
|---|---|---|---|
| യൂണിറ്റ് : 1<br>അടുക്കളയിലെ രൂപങ്ങൾ<br><br>* ചുറ്റുമുള്ള വസ്തുക്കൾ നിരീക്ഷിച്ച് വിവിധ രൂപങ്ങൾ തിരിച്ചറിയുക.<br>* വ്യത്യസ്ത വരകൾ തിരിച്ചറിയുക.<br>* രൂപങ്ങൾക്ക് നിറം നൽകി പാറ്റേണുകൾ നിർമ്മിക്കുക.<br>* വിവിധ രൂപങ്ങൾ ചേർത്ത് പുതിയ ചിത്രങ്ങൾ രൂപീകരിക്കുക.<br>* രൂപങ്ങൾ വരയ്ക്കുകയും നിർമ്മിക്കുകയും ചെയ്യുക. | ക്ലാസിന് പുറമെ ചുറ്റുപാടുമുള്ള വിവിധ വസ്തുക്കൾ കാണിക്കുകയും അവയുടെ രൂപങ്ങൾ തിരിച്ചറിയാൻ സഹായിക്കും.<br>ദ്വിമാന, ത്രിമാന രൂപങ്ങൾ തമ്മിലുള്ള വ്യത്യാസം ഉദാഹരണങ്ങളിലൂടെ വിശദീകരിക്കുന്നു.<br>നേർരേഖകൾ, വളഞ്ഞ വരകൾ, തിരശ്ചീന വരകൾ, ലംബ വരകൾ, ചരിഞ്ഞ വരകൾ എന്നിവ ചിത്രങ്ങളിലൂടെയും വരച്ചും പരിചയപ്പെടുത്തുന്നു.<br>അടിസ്ഥാന രൂപങ്ങളായ ത്രികോണം, ചതുരം, വൃത്തം എന്നിവ ഉപയോഗിച്ച് വീട്, കാർ, പട്ടം തുടങ്ങിയ ചിത്രങ്ങൾ ഉണ്ടാക്കുന്നു. | ടീച്ചർ | ജൂൺ |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ചുമതല | കാലയളവ് |
| --- | --- | --- | --- |
| യൂണിറ്റ് : 2<br>ഒളിച്ചേ കണ്ടേ.<br>* നിത്യ ജീവിതവുമായി ബന്ധപ്പെട്ട് 50 വരെയുള്ള സംഖ്യകൾ ഉൾപ്പെട്ട ആശയങ്ങൾ വിശകലനം ചെയ്യുന്നു.<br>* പ്രശ്നങ്ങൾ പരിഹരിക്കുന്നു.<br>* 50 വരെയുള്ള സംഖ്യകൾ രൂപീകരിക്കുകയും വായിക്കുകയും എഴുതുകയും ചെയ്യുന്നു. | * നിത്യജീവിതത്തിലെ സന്ദർഭങ്ങൾ ഉപയോഗിച്ച് സംഖ്യകൾ പരിചയപ്പെടുന്നു.<br>* സംഖ്യാ കാർഡുകൾ, ഞാൻ ഗെയിമുകൾ എന്നിവ ഉപയോഗിച്ച് സംഖ്യാബോധങ്ങൾ പരിചയിക്കുന്നു.<br>* ലളിതമായ ഗണിത പ്രശ്നങ്ങൾ നിത്യ ജീവിത സന്ദർഭങ്ങളിൽ ഉൾപ്പെടുത്തി നൽകുന്നു.<br>* 1 മുതൽ 50 വരെയുള്ള സംഖ്യകൾ എഴുതാനും വായിക്കാനും പരിശീലനം നൽകുന്നു.<br>* സംഖ്യാകാർഡുകൾ ഉപയോഗിച്ച് സംഖ്യകൾ രൂപീകരിക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | ടീച്ചർ | ഇതുവരെ |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ചുമതല | കാലയളവ് |
|---|---|---|---|
| യൂണിറ്റ് : 3<br>നല്ല നാടിനായ്, നല്ല നാളേക്കായ്.<br>* നിത്യ ജീവിതവുമായി ബന്ധപ്പെട്ട് 200 വരെയുള്ള സംഖ്യകൾ ഉൾപ്പെട്ട ആശയങ്ങൾ വിശകലനം ചെയ്യുന്നു.<br>* പ്രശ്നങ്ങൾ പരിഹരിക്കുന്നു.<br>*200 വരെയുള്ള സംഖ്യകൾ രൂപീകരിക്കുകയും വായിക്കുകയും എഴുതുകയും ചെയ്യുന്നു. | * 50-ൽ കൂടുതൽ (51-200) എണ്ണാനും വായിക്കാനും എഴുതാനും പരിശീലിപ്പിക്കുന്നു.<br>* സംഖ്യാ കാർഡുകൾ പൂർത്തിയാക്കാനും വലിയ സംഖ്യകളിൽ ചെറിയ സംഖ്യകൾ കൂട്ടിച്ചേർക്കാനും കുറയ്ക്കാനും പരിശീലനം നൽകുന്നു.<br>* കടകളിലെ സാധനങ്ങളുടെ വില, ദൂരം തുടങ്ങിയ നിത്യ ജീവിത സാഹചര്യങ്ങൾ ഉപയോഗിച്ച് സംഖ്യകൾ പഠിപ്പിക്കുന്നു<br>* 51 മുതൽ 200 വരെയുള്ള സംഖ്യകൾ രൂപീകരിക്കാനും വായിക്കാനും എഴുതാനും കൂടുതൽ പരിശീലനം നൽകുന്നു. | ടീച്ചർ | ജൂലൈ<br>ആഗസ്റ്റ് |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ചുമതല | കാലയളവ് |
|---|---|---|---|
| യൂണിറ്റ് : 4<br>സമാനപാതി.<br><br>* നിത്യജീവിതവുമായി ബന്ധപ്പെട്ട ലഘുവായ പ്രായോഗിക പ്രശ്നങ്ങളിൽ ഏർപ്പെട്ട് പരിഹാരം കണ്ടെത്തുന്നു.<br>നോട്ടുകളുടെ നാണയങ്ങളുടെ നിത്യജീവിതത്തിൽ ഇവയുടെ ആവശ്യകത ബോധ്യപ്പെടുന്നു.<br>100 രൂപ ചില്ലറയാക്കുന്നു, എത്ര പത്തിന്റെ നോട്ടുകൾ വേണ്ടിവരും എന്ന് കണ്ടെത്തുന്നു. | ലഘുവായ വാചിക ഗണിത പ്രശ്നങ്ങൾ നൽകി പരിഹരിക്കാൻ പ്രോത്സാഹിപ്പിക്കുന്നു.<br>വിവിധതരം നോട്ടുകളും നാണയങ്ങളും പരിചയപ്പെടുത്തുന്നു. അവയുടെ മൂല്യം തിരിച്ചറിയാൻ സഹായിക്കുന്നു.<br>കടയിലെ സാധനങ്ങൾ വാങ്ങുന്നതും വിൽക്കുന്നതും അഭിനയിക്കാൻ അവസരം നൽകുന്നു.<br>100 രൂപയുടെ നോട്ട് നൽകി 10 രൂപയുടെ എത്ര നോട്ടുകൾ വേണമെന്ന് കണ്ടെത്തുന്നതുപോലെ ചില്ലറയാക്കൽ പ്രവർത്തനങ്ങൾ കളിപ്പണം ഉപയോഗിച്ച് ചെയ്യിക്കുന്നു. | ടീച്ചർ | ക്ലാസ്സ് |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ചുമതല | കാലയളവ് |
| --- | --- | --- | --- |
| യൂണിറ്റ് 5<br>ഒന്നിച്ച് ചേരാം, ഒന്നായി വളരാം.<br>* 100 വരെയുള്ള സംഖ്യകൾ തുകയായി വരുന്ന രണ്ട് രണ്ടക്ക സംഖ്യകളുടെ സങ്കലനം മനക്കണക്കായി ചെയ്യുക.<br>* തുക 200 വരെ വരുന്നതും രണ്ടക്ക സംഖ്യകൾ മാത്രം ഉൾപ്പെടുന്നതുമായി പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സങ്കലന ക്രിയ ഉപയോഗിക്കുന്നു | * രണ്ടക്ക സംഖ്യകളുടെ സങ്കലനം മനക്കണക്കായി ചെയ്യാൻ പരിശീലിപ്പിക്കുന്നു.<br>* സംഖ്യാ കാർഡുകൾ, മണിമാല ഉപയോഗിച്ച് കൂട്ടിച്ചേർക്കാൻ പരിശീലനം നൽകുന്നു.<br>* നിത്യ ജീവിതത്തിലെ സങ്കലന പ്രശ്നങ്ങൾ നൽകി പരിഹരിക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | ടീച്ചർ | സെപ്തംബർ |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ചുമതല | കാലയളവ് |
|---|---|---|---|
| യൂണിറ്റ് 5<br>ഒന്നിച്ച് ചേരാം, ഒന്നായി വളരാം.<br>* 100 വരെയുള്ള സംഖ്യകൾ തുകയായി വരുന്ന രണ്ട് രണ്ടക്ക സംഖ്യകളുടെ സങ്കലനം മനക്കണക്കായി ചെയ്യുക.<br>* തുക 200 വരെ വരുന്നതും രണ്ടക്ക സംഖ്യകൾ മാത്രം ഉൾപ്പെടുന്നതുമായ പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സങ്കലന ക്രിയ ഉപയോഗിക്കുന്നു | * രണ്ടക്ക സംഖ്യകളുടെ സങ്കലനം മനക്കണക്കായി ചെയ്യാൻ പരിശീലിപ്പിക്കുന്നു.<br>* സംഖ്യാ കാർഡുകൾ, മണികൾ എന്നിവ ഉപയോഗിച്ച് കൂട്ടിച്ചേർക്കൽ പരിശീലനം നൽകുന്നു.<br>* നിത്യജീവിതത്തിലെ സങ്കലന പ്രശ്നങ്ങൾ നൽകി പരിഹരിക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | ടീച്ചർ | സെപ്റ്റംബർ |

# ക്ലാസ് -3

# ആമുഖം

എഴുത്ത്, വായന മറ്റ് അക്കാദമിക നേട്ടങ്ങൾ എന്നിവയോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാനാവശ്യമായ ഇടപെടലുകളാണ് ഭാഷ, ഗണിതം, പരിസരപഠനം പ്രവർത്തനങ്ങളിലൂടെ ഒന്നാം ക്ലാസ്സിൽ ക്ലാസ്സ് റൂം പ്രവർത്തനങ്ങളിലൂടെ ലക്ഷ്യമിടുന്നത്. പുതിയ അക്കാദമിക വർഷത്തിൽ കുട്ടികൾക്ക് ഭാഷയിൽ, ശാസ്ത്രത്തിൽ, ഗണിതത്തിൽ, ജൈവ കൃഷിയിലും കൂടുതൽ അവബോധം ഉണ്ടാകാനും സമൂഹത്തിൽ വിദ്യാസമ്പന്നരായി മാറാനും ഈ പ്രവർത്തനങ്ങൾ മൂലം ഓരോ കുട്ടിക്കും സാധ്യമാകുന്നതാണ്. ഈ വർഷം ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർ പ്രവർത്തന സാധ്യതയുള്ളതുമായ പ്രവർത്തന പദ്ധതികളാണ് ഈ അക്കാദമി മാസ്റ്റർ പദ്ധതിയിലൂടെ സമർപ്പിക്കുന്നത്.

# ആമുഖം

എഴുത്ത്, വായന മറ്റ് അക്കാദമിക നേട്ടങ്ങൾ എന്നിവയോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാനാവശ്യമായ ഇടപെടലുകളാണ് ഭാഷ, ഗണിതം, പരിസരപഠനം പ്രവർത്തനങ്ങളിലൂടെ മൂന്നാം ക്ലാസ്സിൽ ക്ലാസ്സ് റൂം പ്രവർത്തനങ്ങളിലൂടെ ലക്ഷ്യമിടുന്നത്. പുതിയ അക്കാദമിക വർഷത്തിൽ കുട്ടികൾക്ക് ഭാഷയിൽ, ശാസ്ത്രത്തിൽ, ഗണിതത്തിൽ, ജൈവ കൃഷിയിലും കൂടുതൽ അവബോധം ഉണ്ടാകാനും സമൂഹത്തിൽ വിദ്യാസമ്പന്നരായി മാറാനും ഈ പ്രവർത്തനങ്ങൾ മൂലം ഓരോ കുട്ടികളും സാധ്യമാകുന്നതാണ് ഈ വർഷം ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർ പ്രവർത്തന സാധ്യതയുള്ളതുമായ പ്രവർത്തന പദ്ധതികളാണ് ഈ അക്കാദമിക മാസ്റ്റർ പദ്ധതിയിലൂടെ സമർപ്പിക്കുന്നത്.

# മലയാളം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| വായന | • പ്രി - ടെസ്റ്റ് | ജൂൺ | |
| മലയാളം തെറ്റു കൂടാതെയും അക്ഷര സ്ഫുടതയോടെയും അനായാസമായി വായിക്കുവാൻ | • ക്ലാസ് ലൈബ്രറി വികാസം | | അധ്യാപകർ |
| | • ക്ലാസ് ലൈബ്രറി ആകർഷകമാക്കൽ | അധ്യയന വർഷം മുഴുവൻ | ക്ലാസ് പിടിഎ |
| | • അമ്മ വായന | | |
| | • അമ്മമാരുടെ വായനാക്കുറിപ്പുകൾ ക്ലാസ് പി.ടി.എ കളിൽ അവതരിപ്പിക്കുന്നു. | ജൂൺ | അധ്യാപകർ |
| ലേഖനം | • വായനാ കാർഡുകൾ തയ്യാറാക്കുന്നു. | ജൂൺ - ജൂലൈ | അധ്യാപകർ |
| വിവിധ വ്യവഹാര രൂപങ്ങൾ ആസ്വദിക്കാനും എഴുതാനുമുള്ള ശേഷി വികസിപ്പിക്കുക. | വിവിധ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വിവിധ വ്യവഹാര രചനകൾ നടത്തുക. | | |
| | ജൂൺ 5 - പരിസ്ഥിതി ദിന പോസ്റ്റർ | ജൂൺ | അധ്യാപകർ |
| | ജൂൺ 19 - വായനാദിനം വായനാവാരം | ജൂൺ | |

| | | | |
|---|---|---|---|
| വിവിധ ഭാഷാ വ്യവഹാര രൂപങ്ങൾ രചന രചനാരൂപങ്ങൾ ഭാഷാശേഷി കൈവരിക്കാൻ | ആഗസ്റ്റ് 6 ഹിരോഷിമ ദിനം<br>പോസ്റ്റർ | ആഗസ്റ്റ് | |
| | ആഗസ്റ്റ് 9 നാഗസാക്കി ദിനം<br>പ്ലക്കാർഡ് | ആഗസ്റ്റ് | അധ്യാപകർ |
| | ആഗസ്റ്റ് 15- സ്വാതന്ത്ര്യദിനം | | |
| | സെപ്തംബർ-5 അധ്യാപക ദിനം<br>പഴയകാല അധ്യാപകരുമായി അഭിമുഖം | സെപ്തംബർ | അധ്യാപകർ |
| | ഒക്ടോബർ 2 ഗാന്ധിജയന്തി<br>കുറിപ്പ് തയ്യാറാക്കൽ | ഒക്ടോബർ | |
| | ഒക്ടോബർ 10 ദേശീയ തപാൽ ദിനം<br>കൂട്ടുകാരനൊരു കത്ത് | | അധ്യാപകർ |
| | നവംബർ 1 കേരളപ്പിറവി ദിനം<br>നവംബർ 14 ശിശുദിനം | നവംബർ | |

| | | | |
|---|---|---|---|
| സാഹിത്യ പ്രതിഭകളെ അടുത്തറിയാം | കവികളെക്കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനം | ഡിസംബർ | അധ്യാപകർ SMC |
| | പുസ്തക ശേഖരണവും പ്രദർശനവും | ജൂൺ-ഡിസംബർ | അധ്യാപകർ |
| | ചിത്ര ഗാലറി | ജനുവരി | മദർ പിടിഎ കുട്ടികൾ |
| വായനാ പരിപാടികൾ | പൊതുജന സമൂഹവുമായി ചേർന്ന് വായനാ ശേഖരണം. | ഫെബ്രുവരി | |
| | വായനാക്കളരി | ആഴ്ചയിലൊരിക്കൽ | അധ്യാപകർ വായനാക്കൂട്ടം |
| | നാടകവായന- പ്രാദേശിക എഴുത്തുകാരുമായുള്ള സംവാദം. | മാർച്ച് | |

## ENGLISH

| AIM | Activities | Duration | Responsibility |
|---|---|---|---|
| To speak read and write English without any mistakes | **Pre test**<br>To check the vocabulary and writing skills of pupils | June - March | |
| To develop listening skills and reading skills | **Listening skills**<br>Games, action song, English activities conversations, skit stories using ICT | June | Teachers |
| | **Speaking skills**<br>Identify the naming words from the picture, Identifies the action words from same picture | July | Teachers |

6 21

| | | | |
|---|---|---|---|
| | make some simple sentences using the action word and naming word about the picture<br>• Make simple descriptions about the picture.<br>• Growing sentences, picture reading. self-introduction. Assembly are also concluded.<br>Special Activities<br>Speech, book review, quiz riddles, self-introduction | August | |
| | Reading skills | | |
| Develop creative speaking and writing | News paper reading | | |

| | | | |
|---|---|---|---|
| | library books reading book review, reading breaking news<br>· find words<br>· collect and read past tense<br>· rhyming words<br>· describing words<br>etc.<br>· Text book activities | September | Teacher |
| | Writing Skills<br>· Make word web<br>· Picture description with describing words<br>· word chain sentences chain.<br>· Make words and | | Teacher |

| | | | |
|---|---|---|---|
| | Sentences<br>• make riddles, conversation<br>• Add more lines<br>special activites<br>speech, book review, make description, magazines etc... | October | Teacher |
| To express thoughts feelings etc. | Reading skills<br>News paper reading, library books reading book review, reading<br>→ conversations, stories use ICT materials<br>→ Read breaking news<br>→ Develop story<br>→ Read notice | | Teacher |

| | | | |
|---|---|---|---|
| Develop the creative speaking and writing | <u>Writing</u> skills<br>Description, notice preparation, Thought.<br><u>Special activites</u><br>Speech, quiz, riddles, make magazines, skits etc..<br><u>Reading</u> skills<br>News paper reading library books, reading book review, reading<br>. Conversations, skit stories use ICT materials<br>. Read breaking news<br>. Develop story.<br>. Read story | December | Teacher<br>Teacher |

| | | | |
|---|---|---|---|
| | • Reads letters from friends. | | |
| To expresss thoughts feelings etc.... | **Writing Skills**<br>Diary, letter, announcement.<br>**Special Activities**<br>Speech, quiz, riddles make magazines, skits, class room post office etc... | January | Teacher |
| To improve the presentation power | **Reading Skills**<br>News paper reading, Conversation, skit, stories use ICT materials | February | Teacher |

| | | | |
|---|---|---|---|
| Develop the creative speaking and writing | • Reads diary<br>• Reads letters from friends.<br>**Writing skills**<br>Diary, letter, announcement, description, notice proclamation, Thoughts...<br>**Special Activities**<br>speech, quiz, riddles, skits, makes magazine exhibition etc... | March | Teacher |

# പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
| --- | --- | --- | --- |
| ചുറ്റുപാടുമുള്ള സസ്യങ്ങളെ അവയുടെ പ്രത്യേകതകൾക്കനുസരിച്ച് സാമ്യങ്ങളും വ്യത്യാസങ്ങളും നിരീക്ഷണങ്ങളിലൂടെ തിരിച്ചറിയാം.<br>സസ്യങ്ങളെ തരം തിരിക്കുകയും ലോകത്തിലെ വൈവിധ്യം ആസ്വദിക്കുകയും ചെയ്യുക | ഞാനും എന്റെ പരിസരവും<br>ജൈവ വൈവിധ്യ ഉദ്യാന സന്ദർശനം, സസ്യങ്ങളെ നിരീക്ഷിക്കൽ, പ്രത്യേകൾക്കനുസരിച്ച് തരം തിരിക്കൽ. മരങ്ങൾ, കുറ്റിച്ചെടികൾ വർഗ്ഗീകരണം സസ്യങ്ങളുടെ വളർച്ച, രീതികൾ മനസ്സിലാക്കൽ.<br>പൂന്തോട്ടം ഒരുക്കാം<br>• ജൈവ വൈവിധ്യ ഉദ്യാന നിർമ്മാണം.<br>• സ്കൂൾ പൂന്തോട്ട നിർമ്മാണം.<br>• വീട്ടിൽ പൂന്തോട്ടം ഒരുക്കൽ | ജൂൺ- ജനുവരി | അധ്യാപകർ കുട്ടികൾ രക്ഷിതാക്കൾ |

| | | | |
|---|---|---|---|
| പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തി-യെടുക്കുക.<br><br>ഗണിത വിഷയങ്ങളിൽ അഭിരുചിയും താല്പര്യവും വളർത്തുക. | പ്രകൃതി നടത്താം<br><br>• ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കുക.<br>• പ്രത്യേകതകൾ മനസ്സിലാക്കാം<br>• വിവിധ ആവാസ വ്യവസ്ഥകൾ അടുത്തറിയാം<br>• ഫീൽഡ് ട്രിപ്പ്<br>• ജീവികളുടെ പരസ്പരാശ്രയത്വം - ചർച്ച<br>• നമുക്ക് ചുറ്റുപാടുമുള്ള മലിനീകരണ പ്രശ്നം അനുഭവിച്ചറിയാം - സ്വയം കണ്ടെത്താം (ഫീൽഡ് ട്രിപ്പ്)<br>• പ്രകൃതിക്ക് ഭീഷണിയാകുന്ന മനുഷ്യന്റെ ചില ഇടപെടലുകൾ മനസ്സിലാക്കാം.<br>(ഡോക്യുമെന്ററി പ്രദർശനം) | ജൂൺ - ഒക്ടോബർ | അധ്യാപകർ കുട്ടികൾ<br><br>കുട്ടികൾ രക്ഷിതാക്കൾ അധ്യാപകർ |

| | | | |
|---|---|---|---|
| | **ഒരു തൈ നടാം**<br>പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈ നടീൽ - നട്ട വൃക്ഷത്തൈ പരിപാലിക്കൽ. | ജൂൺ | അധ്യാപകർ<br>PTA |
| | **പോസ്റ്റർ നിർമ്മാണം**<br>• പ്രകൃതി സംരക്ഷണ പോസ്റ്റർ തയ്യാറാക്കൽ<br>• പരിസരങ്ങളിൽ പതിക്കൽ | മാർച്ച് - മെയ് | കുട്ടികൾ<br>രക്ഷിതാക്കൾ |
| | **ദാഹജലം**<br>പൂന്തോട്ടത്തിൽ വേനൽക്കാലത്ത് കിളികൾക്ക് ദാഹജലം സജ്ജീകരിക്കാം | മാർച്ച് - മെയ് | |
| കുട്ടികളെ വ്യക്തി ശുചിത്വം, പരിസര ശുചിത്വം എന്നിവ ബോധ്യപ്പെടുത്തുക. | **ദിനപ്രവർത്തനങ്ങൾ**<br>ഓരോ ദിവസവും പ്രഭാത കൃത്യങ്ങൾ കഴിഞ്ഞ് സ്കൂളിൽ | | |

| | | | |
|---|---|---|---|
| | വരേണ്ട ക്രമീകരണങ്ങളെക്കുറിച്ച് ബോധവത്കരണം നടത്തുന്നു. | | |
| | ക്ലാസ് റൂം ശുചിത്വം ചർച്ചകളിലൂടെ ഉറപ്പിക്കുന്നു. • കുട്ടികളെ ഗ്രൂപ്പുകളാക്കി ഓരോ ദിവസത്തേയും ചുമതല ഓരോ ഗ്രൂപ്പിനും വിഭജിച്ച് നൽകുന്നു. | ജൂൺ- മാർച്ച് | അധ്യാപകർ കുട്ടികൾ |
| | **നമ്പർ - 1** ക്ലാസ് തലത്തിൽ ശുചിത്വ മത്സരം വ്യക്തി ശുചിത്വം, ക്ലാസ് റൂം ശുചിത്വം എന്നിവ അടിസ്ഥാനപ്പെടുത്തി മാർക്ക് നൽകുന്നു. | ജൂലൈ - മാർച്ച് | അധ്യാപകർ, രക്ഷിതാക്കൾ കുട്ടികൾ |
| | **പരിസര നടത്തം** പരിസര മലിനീകരണപ്രശ്നങ്ങൾ അടുത്തറിയാം - സർവ്വേ | ജൂൺ- ഡിസംബർ | പൊതുസമൂഹം അധ്യാപകർ |

| | | | |
|---|---|---|---|
| | നല്ല ശീലം | | |
| | പോസ്റ്ററുകൾ തയ്യാറാക്കാം- പരിസരങ്ങളിൽ പതിക്കാം. | ജൂലൈ - മാർച്ച് | കുട്ടികൾ അധ്യാപകർ |
| ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താല്പര്യവും വളർത്തുക. | ഫീൽഡ് ട്രിപ്പ് | | |
| | നമ്മുടെ നാടിനെ, പരിസ്ഥിതിയെ അടുത്തറിയാം. ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു (കുളം, വയൽ, കാട് etc...) | ജനുവരി- മാർച്ച് | അധ്യാപകർ രക്ഷിതാക്കൾ |
| | പരീക്ഷണങ്ങൾ | | |
| | ശാസ്ത്ര ജ്ഞാനം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു. | ഡിസംബർ - ജനുവരി | അധ്യാപകർ |
| | പക്ഷി- നിരീക്ഷണം | | |
| | പക്ഷി നിരീക്ഷണത്തിന് അവസരം | ജനുവരി- മാർച്ച് | അധ്യാപകർ |

# ക്ലാസ് - 4

# English - Blooming Thoughts

| Activity | Objectives | Duration | Responsibility |
| --- | --- | --- | --- |
| English Assembly. | Improve the learning object of reading and writing English fluently. | 2 days in a week (whole academic year) | Teacher |
| conduct Assembly by pupil | | | |
| English Diary | polished language is used in different forms of language | 3 days in a week | class teacher |
| Prepare a not daily in accordance with | | | |

| | | | |
|---|---|---|---|
| activities of house and School | | Daily (whole academic year) | |
| English Theatre | Promote creativity | One in a month | Class Teacher |
| Performance in english language (Skit, drama, conversation, story telling) | | | |
| English Magazine | Improve creativity | One in a month | Class Teacher HM |

| | | | |
|---|---|---|---|
| Publish English magazine including the articles of pupil once in thrice months | | | |
| English manuscript magazine | Reading Education | Once in a month | Class teacher |
| keep correspondence with friends including school features | Improve writing excellence in English | once in two weeks | Class teacher<br>Parents |

| | | | |
|---|---|---|---|
| English corner<br>Prepare reading corner with the books of according the level of the Students | | annual scheme | Students PTA |
| English Test | Standardize pupils to write and speak english<br>Building confidence in handling English language. | once in an year (vacation) | SRG, class Teacher. |

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതല |
| --- | --- | --- | --- |
| പ്രകൃതി നടത്തം | നിരീക്ഷണം, അറിവ് നിർമ്മാണം | ആവശ്യാനുസരണം | HM, CPTA |
| പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | | | |
| ശാസ്ത്രമേള | ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ | ജൂൺ-മാർച്ച് | അധ്യാപകർ HM |
| ശാസ്ത്രപഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | | | |

| | | | |
|---|---|---|---|
| ഭൂപടമൊരുക്കാം | ഭൂപട വായന, ഭൂപട രചന, സൂചിക പരിചയപ്പെടൽ, സൂചികാ നിർമ്മാണം, കളങ്ങൾ ഉപയോഗിക്കൽ | വർക്കത്തിലൊന്ന് | SRG, ക്ലാസ് ടീച്ചർ |
| കേരളം - ഇന്ത്യ - ഭൂപട വായന | | | |
| ശാസ്ത്ര വിസ്മയ ചുമർ | ശാസ്ത്ര പഠന തല്പരരാക്കൽ | ആവശ്യാനുസരണം | class teacher |
| ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | | | |

| | | | |
|---|---|---|---|
| ശാസ്ത്രോത്സവം | ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം. | വർഷത്തിലൊരിക്കൽ | HM, SRG ക്ലാസ് ടീച്ചർ |
| പഠന ഉൽപന്നങ്ങളുടെ പ്രദർശനം (പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം,) | | | |
| ശാസ്ത്ര മാസികം | അറിവുകളുടെ രചന | വർഷത്തിലൊന്ന് | HM, Class Teacher |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ ശാസ്ത്ര മാസികകളുടെ നിർമ്മാണം. | | | |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| ചതുരം, വൃത്തം ത്രികോണം എന്നീ രൂപങ്ങളെക്കുറിച്ചുള്ള ധാരണ നൽകുന്നു. | പ്രീ-ടെസ്റ്റ് ഈർക്കിലുകൾ, കമ്പുകൾ, വള എന്നിവ ഉപയോഗിച്ച് ചതുരം, ത്രികോണം, വൃത്തം എന്നിവ നിർമ്മിക്കുന്നു. | ജൂൺ<br>ജൂൺ-ജൂലൈ | അധ്യാപകർ<br>അധ്യാപകർ PTA |
| 999 വരെയുള്ള സംഖ്യകളെ വ്യത്യസ്ത രീതികളിൽ വ്യാഖ്യാനിക്കുന്നു. | സംഖ്യാ പാഠങ്ങൾ<br>• നാണയങ്ങൾ, കളിനോട്ടുകൾ<br>• പാഠങ്ങൾ (ഗണിതകൂട്) | ആഗസ്റ്റ്<br>ആഗസ്റ്റ് | അധ്യാപകർ<br>അധ്യാപകർ കുട്ടികൾ |
| എല്ലാ കുട്ടികളിലും സംഖ്യാബോധം ഉണ്ടാക്കുക. | വസ്തുക്കൾ ഉപയോഗിച്ച് സംഖ്യകൾ ഉറപ്പിക്കൽ | സെപ്തംബർ | അധ്യാപകർ കുട്ടികൾ |

| | | | |
|---|---|---|---|
| സങ്കലന - വ്യവകലന ക്രിയകൾക്ക് കുട്ടികളെ പ്രാപ്തരാക്കുക. | • മനക്കണക്കുകൾ - നിത്യ ജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ | ഒക്ടോബർ നവംബർ | അധ്യാപകർ കുട്ടികൾ |
| ഗുണന വസ്തുതകൾ നേടൽ | • മനക്കണക്കുകൾ<br>• മഞ്ചാടിക്കളി | ഡിസംബർ - ജനുവരി | അധ്യാപകർ, കുട്ടികൾ PTA |
| ഹരണ ക്രിയയുമായി ബന്ധപ്പെട്ട ശേഷികൾ നേടൽ | നിത്യ ജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ICT വിഭവങ്ങൾ ഉപയോഗിച്ച് | ഫെബ്രുവരി - മാർച്ച് | അധ്യാപകർ - കുട്ടികൾ |

# അക്കാദമിക് മാസ്റ്റർ പ്ലാൻ, 2025-26

ക്ലാസ്. IV വിഷയം - മലയാളം

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതല |
|---|---|---|---|
| ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം. | ലക്ഷ്യം നേടുന്നത് വരെ | S.R.G, അധ്യാപകർ |
| ദൈനംദിന പഠനാസൂത്രണക്കുറിപ്പ് തയ്യാറാക്കൽ | | | |
| വായിക്കാം വളരാം. | വായനാ ശേഷി വളർത്തുക | വർഷം മുഴുവൻ | SRG |
| ക്ലാസ് ലൈബ്രറി ഒരുക്കൽ, പുസ്തക പരിചയം. | | | ക്ലാസ് ടീച്ചർ |
| വായനക്കുറിപ്പ് ആസ്വാദനക്കുറിപ്പ്, പുസ്തക സംവാദം. | | | CPTA |
| എഴുത്തും തെളിയാം | എഴുത്ത് പരിപോഷിപ്പിക്കൽ | വർഷം മുഴുവൻ | SRG ക്ലാസ് ടീച്ചർ |
| തെറ്റില്ല ശേഷികൾ എഴുത്തിലൂടെ പ്രകടിപ്പിക്കൽ. | | | |

| പ്രവർത്തനം | ലക്ഷ്യം | ആള് | ചുമതല |
|---|---|---|---|
| ഇഷ്ടകൃതികളുമായി സംവദിക്കൽ | ഭാഷാശേഷി വർദ്ധിപ്പിക്കൽ. സാഹിത്യകാരൻമാരെ അടുത്തറിയൽ | അധ്യാപകരെ (ക്ലാസ് ടീച്ചർ). | ക്ലാസ് ടീച്ചർ |
| സാഹിത്യകാരൻമാരുമായി കത്തിലൂടെ സംവദിക്കൽ | | | |
| തൊട്ടറിയാം. കണ്ടറിയാം | അറിവ് പൊതുജനങ്ങളിലൂടെ നേടൽ (ICT) | അധ്യാപകരെ | ക്ലാസ് ടീച്ചർ |
| പാഠഭാഗവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ അവതരിപ്പിക്കൽ (പ്രോജക്ട് ളിപ്പിക്കൽ. | | | ക്ലാസ് ടീച്ചർ |
| രുചിയറിയാം. | നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ | വർഷത്തിൽ ഒരു തവണ | SR G PTA ക്ലാസ് ടീച്ചർ |
| ഭക്ഷ്യമേള. പഴമക്കാരി ല് തയ്യാറാക്കൽ, ഇലയിലെ സദ്യ. | | | SRG PTA. |

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതല. |
|---|---|---|---|
| സാഹിത്യകാരന്മാരുടെ ജന്മ, ചരമദിനാചരണങ്ങൾ സംഘടിപ്പിക്കൽ, പുസ്തക പരിചയം, ജീവിതരേഖ തയ്യാറാക്കൽ പതിപ്പ് പ്രകാശനം. | | | ക്ലാസ് ടീച്ചർ. |
| സർഗ്ഗോത്സവം. ഭാഷാപഠനത്തിന്റെ ഭാഗമായി നേടിയ ശേഷികളുടെ അവതരണം. | | CPTA യിൽ വർഷത്തിൽ ഒരിക്കൽ PTA യിൽ. | ക്ലാസ് ടീച്ചർ. |
| പ്രവർത്തനങ്ങൾക്ക് ആവശ്യമായ സാമ്പത്തികം ക്ലാസ് ടീച്ചർ, H.M, PTA എന്നിവരുടെ സംഭരിക്കാവുന്നതാണ്. | | | |

അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26 24

ക്ലാസ്: IV . വിഷയം: ഗണിതം.

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതല. |
|---|---|---|---|
| വിവിധതരം കളികൾ ക്രോഡീകരണം ചെയ്യുക, നടപ്പാക്കൽ | ഗണിത പഠനം രസകരമാക്കൽ | വർഷം മുഴുവൻ | S.RG ക്ലാസ് ടീച്ചർ. |
| തുല്യ നിർണ്ണയം. ഇഞ്ചിയും ചാണും, വലസ്തി ഉപകരണങ്ങൾ | | | |
| ജ്യാമിതീയരൂപങ്ങളുടെ പഠിക്കാം. | ഗണിതം രസകരമാക്കൽ | വർഷത്തിൽ ഒരിക്കൽ | ക്ലാസ് ടീച്ചർ. |
| ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം പ്രദർശനം. | | | |
| ഗണിത ലാബ് | ഗണിത പഠനം ആസ്വാദ്യമാക്കൽ. ഗണിത ലാബ് ഉപയോഗപ്പെടുത്തൽ. | വർഷം മുഴുവൻ | S.RG ക്ലാസ് ടീച്ചർ. |

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതല |
|---|---|---|---|
| ഗണിതശാസ്ത്രജ്ഞർ | ഗണിത ആശയങ്ങൾ തിരിച്ചറിയൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ |
| ഗണിതശാസ്ത്രജ്ഞർ ഒരുക്കൽ പ്രയോജനപ്പെടുത്തൽ | | | |
| പഠനോപകരണ ശില്പശാല | ഗണിത പഠനം രസകരമാക്കൽ | | ക്ലാസ് ടീച്ചർ |
| പഠനോപകരണ ങ്ങളുടെ നിർമ്മാണ വും പ്രദർശനവും | | | |
| ഗണിതമേള | ഗണിത ശേഷികളുടെ പ്രകടനം. | വർഷത്തിൽ ഒന്ന് | SRG |
| പ്രശ്നോത്തരി മത്സര ങ്ങൾ | | | |

പ്രവർത്തനങ്ങൾക്ക് ആവശ്യമായ സാമ്പത്തികം PTA യുടെ സഹായ ത്തോടെ കണ്ടെത്തണം